# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം– 686560

ഫോൺ: 0481–2733370

## വാർത്താക്കുറിപ്പ്

**2024 ഓക്ടോബർ 1**

---

# മതസ്വാതന്ത്ര്യം ഉറപ്പാക്കാൻ രാഷ്ട്രീയ, സാംസ്കാരിക ജാഗ്രത വേണം–എം.എ ബേബി

രാജ്യത്ത് മത, വിശ്വാസ സ്വാതന്ത്ര്യങ്ങൾ ഉറപ്പാക്കുന്നതിന് രാഷ്ട്രീയ, സാംസ്കാരിക തലങ്ങളിൽ ജാഗ്രത വേണ്ടതുണ്ടെന്ന് മുൻ വിദ്യാഭ്യാസ മന്ത്രി എം.എ. ബേബി നിർദേശിച്ചു. മഹാത്മാ ഗാന്ധി സർവകലാശാലയിൽ ഇന്റർ–യൂണിവേഴ്സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് ആന്റ് എക്സ്റ്റൻഷനും(ഐയുസിഎസ്എസ്ആർഇ) മാർ ക്രിസോസ്റ്റം ചെയറും സംയുക്തമായി ഇന്ത്യയിലെ മതസ്വാതന്ത്ര്യത്തിന്റെ സ്ഥിതി എന്ന വിഷയത്തിൽ സംഘടിപ്പിച്ച കൊളോക്കിയത്തിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

ഭരണഘടന ഉറപ്പു നൽകുന്ന മതപരവും വിശ്വാസപരവുമായ സ്വാതന്ത്ര്യം നിഷേധിക്കപ്പെടാതിരിക്കുന്നതിനുള്ള പ്രവർത്തനം തിരഞ്ഞെടുപ്പുകൾ മാത്രം മുന്നിൽ കണ്ടുകൊണ്ടുള്ളതാകരുത്. മറിച്ച് എക്കാലവും ജനമനസുകളിൽ നിലനിൽക്കുന്നതായിരിക്കണം. നിഷ്കളങ്കരായ മതവിശ്വാസികളെ സങ്കുചിത താത്പര്യക്കാർ വഴി തെറ്റിക്കുന്ന സാഹചര്യത്തിനും മതത്തിന്റെ പേരിലുള്ള അതിക്രമങ്ങളെ അതേ രീതയിൽ നേരിടുന്ന രീതിക്കുമെതിരെ ജാഗ്രത പുലർത്തേണ്ടതുണ്ട്–അദ്ദേഹം പറഞ്ഞു.

വർഗീയ ധ്രുവീകരണം മതേതരത്വത്തിന്റെ സത്തയെ അപകടത്തിലാക്കുന്ന സ്ഥിതിക്കെതിരെ മുൻകരുതൽ വേണമെന്ന് സെന്റർ ഫോർ ദ സ്റ്റഡി ഓഫ് സൊസൈറ്റി ആന്റ് സെക്യുലറിസം (സിഎസ്എസ്എസ്) ഡയറക്ടർ ഇർഫാൻ എഞ്ചിനീയർ പറഞ്ഞു. മറ്റു മതങ്ങളെ അംഗീകരിക്കാൻ മതമേലധികാരികൾക്കും വിശ്വാസികളും തയ്യാറാകണമെന്ന് ഡൽഹി സെന്റ് ഡോ. വത്സൻ തമ്പു നിർദേശിച്ചു.

മതത്തിന്റെ പേരിൽ വിവേചനം നേരിടുന്നവരുടെ ദുരവസ്ഥ തുറന്നു കാട്ടുന്നത് സാമൂഹിക ഉത്തരവാദിത്വം ഉറപ്പാക്കാനും ജനാധിപത്യ സംരക്ഷണത്തിനും ഉപകരിക്കുമെന്ന് ദ ടെലഗ്രാഫ് ദിനപ്പത്രത്തിന്റെ എഡിറ്റർ അറ്റ് ലാർജ് ആർ. രാജഗോപാൽ ചൂണ്ടിക്കാട്ടി. സിഎസ്എസ്എസുമായി സഹകരിച്ചു നടത്തിയ പരിപാടി വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്തു. ഐയുസിഎസ്എസ്ആർഇ ഡയറക്ടർ ഡോ.കെ.എം.സീതി, സി.എസ്.എസ്.എസ് ഡെപ്യൂട്ടി ഡയറക്ടർ **നേഹ ദബാദെ** എന്നിവരും സംസാരിച്ചു.

ഫോട്ടോ ക്യാപ്ഷൻ..

ഇന്ത്യയിലെ മതസ്വാതന്ത്ര്യത്തിന്റെ സ്ഥിതി എന്ന വിഷയത്തിൽ മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടന്ന കൊളോക്കിയത്തിൽ മുൻ മന്ത്രി എം.എ. ബേബി മുഖ്യ പ്രഭാഷണം നടത്തുന്നു. വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ, നേഹ ദബാദെ, ഇർഫാൻ എഞ്ചിനീയർ, ഡോ. വത്സൻ തമ്പു, ആർ. രാജഗോപാൽ എന്നിവർ സമീപം.

(പി.ആർ.ഒ/39/879/2024)

## പ്രഫ. സാബു തോമസ്, ഡോ. രാധാകൃഷ്ണൻ, ഡോ. ശ്രീകല വീണ്ടും സ്റ്റാൻഫഡ് റാങ്കിംഗിൽ

അമേരിക്കയിലെ സ്റ്റാൻഫഡ് സർവകലാശാലയും നെതർലാൻഡ്സ് ആസ്ഥാനമായുള്ള പ്രമുഖ പ്രസിദ്ധീകരണ കമ്പനിയായ എൽസേവിയറും ചേർന്ന് തയ്യാറാക്കിയ ലോകത്തിലെ മികച്ച രണ്ടു ശതമാനം ശാസ്ത്രജ്ഞരുടെ 2024ലെ പട്ടികയിൽ എം. ജി. സർവകലാശാല മുൻ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, സർവകലാശാലയിലെ അധ്യാപകരായ ഡോ. ഇ.കെ രാധാകൃഷ്ണൻ, ഡോ. എം.എസ്. ശ്രീകല എന്നിവർ സ്ഥാനം നിലനിർത്തി.

പ്രബന്ധങ്ങളുടെയും പ്രസിദ്ധീകരണങ്ങളുടെയും സ്വീകാര്യത, നിലവാരം എന്നിവയുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് തിരഞ്ഞെടുപ്പ് നടത്തിയത്.

പോളിമെർ സയൻസ്, നാനോസയൻസ്, നാനോടെക്നോളജി മേഖലയിൽ ശ്രദ്ധേയ സംഭാവനകൾ നൽകിയിട്ടുള്ള പ്രൊഫ. സാബു തോമസ് തുടർച്ചയായി അഞ്ചാം തവണയാണ് ഈ പട്ടികയിൽ ഇടം നേടുന്നത്. നിലവിൽ മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ്, സ്കൂൾ ഓഫ് നാനോ സയൻസ് ആൻറ് നാനോ ടെക്നോളജി, ഇൻറർനാഷണൽ ആന്റ് ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി എന്നിവയുടെ ഡയറക്ടറാണ്.

തുടർച്ചയായി നാലാം തവണ ഈ അംഗീകാരം നേടുന്ന ഡോ ശ്രീകല സർവകലാശാലയിലെ സ്കൂൾ ഓഫ് കെമിക്കൽ സയൻസിൽ അസോസിയേറ്റ് പ്രൊഫസറാണ്.സർവകലാശാലയിലെ സ്കൂൾ ഓഫ് പോളിമർ സയൻസ് ആന്റ് ടെക്നോളജിയുടെ ഡയറക്ടറാണ്. പോളിമർ കോംപോസിറ്റുകൾ, നാനോജനറേറ്റർ, ടിഷ്യു എൻജിനീയറിംഗ്,സോളാർ സെൽ സംയുക്തങ്ങൾ തുടങ്ങിയ മേഖലകളിൽ ഡോ. ശ്രീകലയുടെ ഗവേഷണ പ്രവർത്തനങ്ങൾ ശ്രദ്ധേയമാണ്.

എം.ജി സർവകലാശാല സ്കൂൾ ഓഫ് ബയോ സയൻസിൽ അസോസിയേറ്റ് പ്രൊഫസറായ ഡോ. ഇ.കെ. രാധാകൃഷ്ണൻ തുടർച്ചയായി മൂന്നാം തവണയാണ് ഈ നേട്ടം കൈവരിക്കുന്നത്. രോഗാണുക്കളുടെ ആൻറിബയോട്ടിക് പ്രതിരോധശക്തി, പ്രകൃതിദത്ത പോളിമെറുകളുടെ ഉപയോഗ സാധ്യതകൾ, ജൈവമാല്യങ്ങളിൽ നിന്നും മൂല്യവർധിത ഉൽപ്പന്നങ്ങളുടെ നിർമാണം, വെരികോസ് വെയ്നിൻറെ ജനിതക കാരണങ്ങൾ എന്നീ മേഖലകളിൽ പഠനം നടത്തുന്ന ഇദ്ദേഹം ബിസിനസ്

ഇന്നോവേഷൻ ആൻറ് ഇൻക്യൂബേഷൻ സെൻററിൻറെ ഡയറക്ടറും രാജ്യത്തെ അറിയപ്പെടുന്ന സ്റ്റാർട്ടപ്പ് ഇക്കോ സിസ്റ്റം ബിൽഡറുമാണ്.

**ഫോട്ടോ ക്യാപ്ഷൻ...**

പ്രഫ. സാബു തോമസ്, ഡോ. എം.എസ്. ശ്രീകല, ഡോ. ഇ.കെ. രാധാകൃഷ്ണൻ.

(പി.ആർ.ഒ/39/880/2024)

## ഗാന്ധി ജയന്തി ദിനാഘോഷം

മഹാത്മാ ഗാന്ധി സർവകലാശാലയിൽ ഗാന്ധി ജയന്തി ദിനാഘോഷം ഇന്നു(ഒക്ടോബർ 2) രാവിലെ പത്തിന് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൽ നടക്കും. വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഗാന്ധി പ്രതിമയിൽ ഹാരാർപ്പണവും പുഷ്പാർച്ചനയും നടത്തുകയും ഗാന്ധിജയന്തി ദിന സന്ദേശം നൽകുകയും ചെയ്യും.

സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡവലപ്മെന്റൽ സ്റ്റഡീസിന്റെ നേതൃത്വത്തിൽ ഗാന്ധിഭജൻ, സർവമത പ്രാർത്ഥന, വിദ്യാർഥികൾക്കായി മത്സരങ്ങൾ എന്നിവ നടക്കും. സർവകലാശാലയിലെ വകുപ്പ് മേധാവികൾ, അധ്യാപകർ, വിദ്യാർഥികൾ, മെഡിക്കൽ കോളജ് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലെയും അതിരമ്പുഴ സെന്റ് അലോഷ്യൻ ഹയർ സെക്കൻഡറി സ്കൂളിലെയും വിദ്യാർഥികൾ തുടങ്ങിയവർ പങ്കെടുക്കും.

(പി.ആർ.ഒ/39/881/2024)

## വയോജന ദിനം ആചരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയിൽ അന്താരാഷ്ട്ര വയോജന ദിനം ആചരിച്ചു. വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാറിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ രജിസ്ട്രാർ ഡോ. കെ. ജയചന്ദ്രൻ വയോജന ദിന പ്രതിജ്ഞയ്ക്ക് നേതൃത്വം നൽകി. ഫിനാൻസ് ഓഫീസർ ബിജു മാത്യു, വിവിധ വകുപ്പ് മേധാവികൾ തുടങ്ങിയവർ പങ്കെടുത്തു.

(പി.ആർ.ഒ/39/882/2024)

## ക്ലീനിംഗ് സൂപ്പർവൈസർ; അപേക്ഷിക്കാം

മഹാത്മാഗാന്ധി സർവകലാശാലയിൽ ക്ലീനിംഗ് സൂപ്പർവൈസർ തസ്തികയിൽ താൽകാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. 525 രൂപ ദിവസവേതനത്തിൽ 90 ദിവസത്തേക്കാണ് നിയമനം. അപേക്ഷകർ സർവകലാശാലയുടെ എട്ടു കിലോമീറ്റർ ചുറ്റളവിനുള്ളിൽ താമസിക്കുന്നവരായിരിക്കണം. പ്രായം 21 നും 60നും ഇടയിൽ. വെള്ള കടലാസിൽ തയ്യാറാക്കിയ അപേക്ഷ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് സഹിതം ഭരണ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർക്ക്(1) ഒക്ടോബർ 10 വരെ നൽകാം.

(പി.ആർ.ഒ/39/883/2024)

## ഉൾനാടൻ ജലഗതാഗത ക്രൂ സർട്ടിഫിക്കേഷൻ പ്രോഗ്രാം

മഹാത്മാഗാന്ധി സർവകലാശാലയുടെ സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് ഇൻലൻഡ് വെസ്സൽ ക്രൂ സർട്ടിഫിക്കേഷൻ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു രണ്ടാം ബാച്ചിന്റെ ക്ലാസുകൾ ഒക്ടോബർ 20 ന് ആരംഭിക്കും. യോഗ്യത പത്താം ക്ലാസ്. അടിസ്ഥാന പ്രായപരിധിയില്ല. വിശദ വിവരങ്ങൾ https://sts.mgu.ac.in/ എന്ന ലിങ്കിൽ. ഫോൺ നമ്പർ: 9447723704 , 04812733374.

(പി.ആർ.ഒ/39/884/2024)

## ഓൺലൈൻ എം.ബി.എ അസിസ്റ്റന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സെന്റർ ഫോർ ഡിസ്റ്റൻസ് ആന്റ് ഓൺലൈൻ എജ്യുക്കേഷനിൽ(സിഡിഒഇ) ഓൺലൈൻ എംബിഎ പ്രോഗ്രാമിന്റെ അസിസ്റ്റന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ തസ്തികയിൽ താത്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. പട്ടികജാതി വിഭാഗത്തിൽ പെട്ടവർക്കായി സംവരണം ചെയ്യപ്പെട്ട ഒഴിവിലേക്ക് പുനർവിജ്ഞാപനപ്രകാരം എല്ലാ വിഭാഗങ്ങളിലുമുള്ളവർക്ക് അപേക്ഷിക്കാം.

ഒരുവർഷത്തേക്കാണ് നിയമനം. പ്രവർത്തന മികവിൻറെ അടിസ്ഥാനത്തിൽ സേവന കാലാവധി ദീർഘിപ്പിക്കാൻ സാധ്യതയുണ്ട്. അൻപതു ശതമാനം മാർക്കോടെ എംബിഎയും, യുജിസി നെറ്റ് അല്ലെങ്കിൽ പിഎച്ച്ഡിയും ഉള്ളവരെയാണ് പരിഗണിക്കുന്നത്. ഓൺലൈൻ അധ്യാപനം, കണ്ടന്റ് തയ്യാറാക്കൽ, ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം, ഐസിടി എനേബിൾഡ് ടീച്ചിംഗ് ആന്റ് ലേണിംഗ് പരിചയം എന്നിവ അഭികാമ്യം. പട്ടികജാതി, പട്ടിക വർഗ വിഭാഗക്കാരല്ലാത്തവർക്ക് എം.ബി.എയ്ക്ക് 55 ശതമാനം മാർക്കുണ്ടായിരിക്കണം.

പ്രായപരിധി 2024 ജനുവരി ഒന്നിന് 45 വയസ് കവിയരുത്. നിയമാനുസൃത വയസിളവ് അനുവദിക്കും. പ്രതിമാസ വേതനം 47000 രൂപ. പട്ടികജാതി വിഭാഗത്തിലുള്ളവരുടെ അഭാവത്തിൽ പട്ടിക വർഗ വിഭാഗത്തിൽ പെട്ടവരെയും ഈ രണ്ടു വിഭാഗക്കാരുടെയും അഭാവത്തിൽ മറ്റു പിന്നാക്ക വിഭാഗങ്ങളിൽ പെട്ടവരെയും ഈ വിഭാഗത്തിലും യോഗ്യരായവരിൽ ഇല്ലെങ്കിൽ പൊതു വിഭാഗത്തെയും പരിഗണിക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/885/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**